Janayugam

7 December 2015

# മലബാർ സിമന്റ്സ് കേസുകൾ സർക്കാർ അട്ടിമറിക്കുന്നു

തൃശൂർ: മലബാർ സിമന്റ്സിന്റെ കമ്പനി സെക്രട്ടറിയായിരുന്ന വി ശശീന്ദ്രനും രണ്ട് മക്കളും കൊല്ലപ്പെട്ട കേസ് ബാർ കോഴ കേസ് പോലെ സർക്കാർ അട്ടിമറിക്കുകയാണെന്ന് ശശീന്ദ്രന്റെ സഹോദരൻ ഡോ. വി സനൽകുമാറും ആക്ഷൻ കൗൺസിൽ ചെയർമാൻ ജോയ് കൈതാരത്തും വാർത്താസമ്മേളനത്തിൽ ആരോപിച്ചു.

മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും വ്യവസായ വകുപ്പ് മന്ത്രി പി കെ കുഞ്ഞാലിക്കുട്ടിയും ഗൂഢാലോചന നടത്തിയാണ് മലബാർ സിമന്റ്സുമായി ബന്ധപ്പെട്ട പുതിയ കേസുകളുടെ തുടരന്വേഷണം അട്ടിമറിക്കുന്നത്. ആരോപണം തെളിയിക്കാവുന്ന മുഴുവൻ രേഖകളും സഹിതമാണ് തങ്ങൾ മുന്നോട്ട് പോകുന്നതെന്നും ഇരുവരും വ്യക്തമാക്കി. 10 കേസുകളാണ് മലബാർ സിമന്റ്സ് സംഭവങ്ങളുമായുള്ളത്.

തൃശൂരിലെ വിജിലൻസ് കോടതിയിൽ മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്ത് മൂന്നാം നാളാണ് ശശീന്ദ്രനും മക്കളും അതി ദാരുണമായി കൊല്ലപ്പെടുന്നത്. 2000–2006 കാലഘട്ടത്തിൽ കമ്പനിയിൽ നടന്ന നാല് അഴിമതി കേസുകളിലെ സാക്ഷിയായതാണ് കമ്പനിയുടെ ഇന്റേണൽ ഓഡിറ്റർ കൂടിയായ ശശീന്ദ്രനും മക്കളും മരണത്തിലേക്ക് നയിച്ചത്. തൃശൂർ വിജിലൻസ് കോടതിയിൽ വിചാരണ നടന്നുകൊണ്ടിരിക്കുന്ന ഈ കേസുകളിലെ മുഖ്യ പ്രതികളായ മുൻ ചീഫ് സെക്രട്ടറി ജോൺ മത്തായി ഉൾപ്പടെയുള്ളവരെ പ്രതിസ്ഥാനത്തുനിന്ന് മാറ്റാൻ മുഖ്യമന്ത്രിയും വ്യവസ്യ മന്ത്രിയും ഉത്തരവിട്ടാണ് പുതിയ കേസുകളുടെ അട്ടിമറിക്ക് ഗൂഢാലോചന നടത്തിയതെന്ന് സനൽകുമാർ പറഞ്ഞു.

മുഖ്യപ്രതിയും 1998 മുതൽ കമ്പനിയുടെ എംഡിയുമായിരുന്ന എൻ ആർ സുബ്രഹ്മണ്യനെ തുടരന്വേഷണത്തിന്റെ ഭാഗമായി സസ്പെന്റ് ചെയ്യണമെന്ന് ഇക്കഴിഞ്ഞ ജൂണിൽ വിജിലൻസ് ഡയറക്ടർ ഉത്തരവിട്ടിരുന്നു. വിജിലൻസ് വകുപ്പും വ്യവസായ വകുപ്പും ചേർന്ന് ആ ഉത്തരവും അട്ടിമറിച്ചു. ടി സി സി സിഎംഡിയായിരുന്ന സുബ്രഹ്മണ്യനെ ദീർഘകാല ലീവ് അനുവദിച്ച് അമേരിക്കയിലേക്ക് നാടുകടത്തിയിരിക്കുകയാണ്. അന്വേഷണ ഉദ്യോഗസ്ഥരുടെ ചോദ്യം ചെയ്യലിൽ നിന്നും പ്രതിയെ രക്ഷിക്കുന്നതിനും തെളിവുകൾ നശിപ്പിക്കുന്നതിനും വേണ്ടിയാണിത്.

ശശീന്ദ്രന്റെയും മക്കളുടെയും മരണവുമായി ബന്ധപ്പെട്ട കേസുകളിലും പ്രതിയായ വി എം രാധാകൃഷ്ണൻ കമ്പനിയിൽ കൊള്ളയടി ആരംഭിച്ചത് എ എൻ സുബ്രഹ്മണ്യന്റെ കാലഘട്ടത്തിലായിരുന്നു. അഴിമതി സംബന്ധിച്ച് പാലക്കാട് വിജിലൻസ് ബ്യൂറോ അന്വേഷണം നടത്തി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കണമെന്ന് വിജിലൻസ് എഡിജിപി ജേക്കബ്ബ് തോമസ് ഉത്തരവിട്ടു. വ്യവസായ വകുപ്പ് മന്ത്ര മലബാർ സിമന്റ്സിന്റെ ഇപ്പോഴത്തെ എംഡി കെ പത്മകുമാർ, ലീഗൽ ഓഫീസർ തുടങ്ങിയവരും പ്രതിയാക്കപ്പെടുമെന്ന് കണ്ടപ്പോഴാണ് വിജിലൻസ് ഡയറക്ടറേറ്റിൽ നിന്നും ഫയൽ സർക്കാർ വിളിച്ചുവരുത്തി കേസ് രജിസ്ട്രർ ചെയ്യുന്നതിന് അനുമതി നൽകാതെ തടഞ്ഞുവച്ചത്.

കമ്പനിയിലെ അഴിമതി ഇന്നും തുടരുന്നുവെന്നതിന് 2011ന് ശേഷം പുറത്തുവന്ന സി ആന്റ് എജിയുടെ ഓഡിറ്റ് റിപ്പോർട്ടടക്കം തെളിവുകളേറെയാണ്. അഴിമതിക്കെതിരെ നിലപാടെടുത്തതിന്റെ പേരിലാണ് ശശീന്ദ്രനും മക്കളും കൊല്ലപ്പെട്ടത്. കൊലപാതകം ആത്മഹത്യയാക്കി വി എം രാധാകൃഷ്ണനെതിരെ പ്രേരണാകുറ്റത്തിന് കേസെടുത്ത സിബിഐയും കേസ് അട്ടിമറിക്കുകയായിരുന്നുവെന്നും ഡോ. വി സനൽകുമാർ ആരോപിച്ചു. വാർത്താസമ്മേളനത്തിൽ ആക്ഷൻ കൗൺസിൽ പ്രവർത്തകരായ ഡോ. പി സി അലക്സാണ്ടർ, കെ മണികണ്ഠൻ എന്നവരും പങ്കെടുത്തു.